LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ

63 [64] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 136 പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ.

(ബി) 130 കേസ്സുകൾ.

(സി) 75 കേസ്സുകളിൽ.

(ഡി) 7 കേസ്സുകളിൽ.

ഗുണ്ടാസംഘങ്ങളുടേയും മാഫിയാസംഘങ്ങളുടേയും സാമൂഹ്യവിരുദ്ധരുടേയും പ്രവർത്തനം അമർച്ച ചെയ്യുന്നതിന് നടപടി

64 [65] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജു പോൾ:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാസംഘങ്ങളുടേയും മാഫിയാ സംഘങ്ങളുടേയും സാമൂഹ്യവിരുദ്ധരുടേയും പ്രവർത്തനം അമർച്ച ചെയ്യുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി പോലീസ് സേനയിൽ എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജില്ലാ ആസ്ഥാനങ്ങളിൽ വർദ്ധിച്ചുവരുന്ന ഗുണ്ടാ മാഫിയാ സംഘങ്ങളുടെ പ്രവർത്തനം അമർച്ച ചെയ്യുന്നതിന് പ്രത്യേകം നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്ന ഗുണ്ടാസംഘങ്ങളേയും മാഫിയാസംഘങ്ങളേയും സാമൂഹ്യവിരുദ്ധരേയും പിടികൂടുന്നതിനും അത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും, മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് തുടങ്ങി (സി.ആർ.പി.സി. 107, 110) നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു.

അർഹരായ റൗഡികൾക്കെതിരെ റൗഡി, ഹിസ്റ്ററി ഷീറ്റ് ആരംഭിക്കുകയും, അവരെ നിരന്തരമായി നിരീക്ഷിക്കുകയും പോലീസ് പട്രോളിംഗ്, ഡേബീറ്റ്, നൈറ്റ് ബീറ്റ് തുടങ്ങിയവ കർക്കശമാക്കുകയും, സംശയമുള്ള സ്ഥലങ്ങളിൽ പോലീസിന്റെ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ശക്തമായി യഥാസമയം നടപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 2004 ജനുവരി മാസം ഗുണ്ടകൾക്കെതിരെയുള്ള മാസമായി ആചരിക്കുകയും അവരുടെ പ്രവർത്തനം നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജൂൺ 15 മുതൽ 30 വരെ ക്രൈം പ്രിവൻഷൻ ഫോർട്ട്നൈറ്റ് ആയി ആചരിച്ചുവരികയാണ്.

(ബി ആന്റ് സി) പ്രത്യേക നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ പരിഗണനയിലാണ്.

കൂട്ടക്കൊലകളെയും കവർച്ചകളെയും സംബന്ധിച്ച അന്വേഷണം

65 [66] ശ്രീ. പി. ജയരാജൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൂട്ടക്കൊലകളും കവർച്ചകളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടന്ന കൊലകൾക്കും കവർച്ചകൾക്കും പിന്നിൽ അന്യസംസ്ഥാനങ്ങളിലെ പ്രൊഫഷണൽ സംഘങ്ങളാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ഇ) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) തൃശ്ശൂർ ജില്ലയിലെ മാള-പള്ളിപ്പുറത്ത് ഗൃഹനാഥയും ഗർഭിണിയായ മരുമകളും 2004 മാർച്ച് 26-ന് കൊല്ലപ്പെട്ടതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രതികളെ ആരെയെങ്കിലും ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly